LIBRARY ARCHIVES Kerala Legislative Assembly

ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലബോറട്ടറി

229 (3516) ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലബോറട്ടറി കേരളത്തിൽ അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ;

(ബി) പക്ഷിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം ഒരു ലാബ് വെറ്ററിനറി സർവ്വകലാശാലയുടെ ഭാഗമായി തുടങ്ങുന്ന കാര്യം പരിഗണിക്കാമോ ;

(സി) ഇതു സംബന്ധിച്ച് വിശദമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വെറ്ററിനറി യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടാമോ ?

ഉത്തരം

(എ) പക്ഷിപ്പനി, കുരങ്ങുപനി എന്നിവയുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനും മറ്റുമായി ഒരു ബയോസേഫ്റ്റി ലെവൽ 3+ ലബോറട്ടറി അനിവാര്യമാണ്.

(ബി&സി) പക്ഷിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം ഒരു ലാബ് വെറ്ററിനറി സർവ്വകലാശാല കേന്ദ്ര സംസ്ഥാന ഗവൺമെന്റുമായി സഹകരിച്ച് ആലപ്പുഴ ജില്ലയിൽ തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

ലൈവ്സ്റ്റോക്ക് ഫാമുകൾ

230 (3517) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണവകുപ്പിനു കീഴിൽ എത്ര ലൈവ് സ്റ്റോക്ക് ഫാമുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും പറയാമോ ;

(ബി) ഓരോ ഫാമിലും ഓരോ ഇനത്തിൽപ്പെട്ട എത്ര ഉരുക്കൾ വീതമുണ്ടെന്ന് പറയാമോ ;